"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പുലാശ്ശേരി എ.എം.എൽ.പി സ്കൂൾ മാനേജരും, ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ. ഷക്കീബ് അപ്പംകണ്ടത്തിലും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 3093/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 31.01.2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4087/2022/GEDN തീയതി,തിരുവനന്തപുരം, 12-07-2022

---

പരാമർശം:-

1. പാലക്കാട് പുലാശ്ശേരി എ.എം.എൽ.പി സ്കൂൾ മാനേജരുടെ 24/12/2021 ലെ പുന:പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 3093/2022 ന്മേലുള്ള 31.01.2022-ലെ വിധിന്യായം.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26.05.2022- ലെ ബി4/957/2022 നമ്പർ കത്ത്.
4. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തീയതി (/05/2022) രേഖപ്പെടുത്താത്ത സി/570/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പുലാശ്ശേരി എ.എം.എൽ.പി സ്കൂൾ മാനേജരും, ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ. ഷക്കീബ് അപ്പംകണ്ടത്തിലും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 3093/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം(2) വിധിന്യായത്തിൽ, സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം 1 (Ext.P4) പുന:പരിശോധനാ ഹർജി ഹർജിക്കാരുടെ പ്രതിനിധിയെ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 02/06/2022 ന് കേട്ടു.

2. പുലാശ്ശേരി എ.എം.എൽ.പി.എസിൽ ശ്രീ.വിനോദ് കുമാർ. പി.വി. പ്രൊമോഷനായ ഒഴിവിൽ 15/07/2021 മുതൽ ശ്രീ.ഷക്കീബിനെ മാനേജർ നിയമിച്ചു. 2016-17 മുതൽ 2019-20 വരെ അധിക തസ്തികയിൽ 6 നിയമനങ്ങൾ ടി സ്കൂളിൽ നടത്തിയിട്ടുള്ളതിനാൽ ഭാവിയിലുണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതാണെന്ന സത്യപ്രസ്താവന മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 6 നിയമനങ്ങൾ

അംഗീകരിച്ചിരുന്നു. 15/07/2021-ൽ ലഭ്യമായ ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെയായിരുന്നു നിയമിക്കേണ്ടതെന്നതിനാൽ ശ്രീ.ഷക്കീബിന്റെ നിയമനം നിരസിച്ചിരുന്നു. ഇതിനെതിരെയാണ് ടി റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. ശ്രീ.ഷക്കീബിന്റെയും മാനേജരുടെയും പ്രതിനിധി ഹിയറിംഗ് വേളയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.

ശ്രീ.വിനോദ് കുമാറിന് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ച ഒഴിവിൽ 15/07/2021-ൽ ശ്രീ.ഷക്കീബിനെ മാനേജർ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിക്കുകയും നിയമനാംഗീകാരത്തിനായി പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. നേരത്തേ മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 6 അധികതസ്തികകളിലെ നിയമനങ്ങൾ അംഗീകരിച്ച് നൽകിയതിനാൽ സംരക്ഷിതാദ്ധ്യാപകനെയായിരുന്നു പ്രസ്തുത ഒഴിവിൽ നിയമിക്കേണ്ടിയിരുന്നത് എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ചു. അതിനെതിരെ നൽകിയ അപ്പീലും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. കെ.ഇ.ആർ അദ്ധ്യായം XXI 7(2), 7 (5) പ്രകാരം 6 അധിക തസ്തികയിലെ നിയമനം ഭാവിയിലുണ്ടാകുന്ന ഒഴിവിൽ മാനേജർ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന് സത്യപ്രസ്താവന നൽകിയതിന്റെ അടിസ്ഥാനത്തിൽ 15/07/2021-ലെ ഒഴിവിൽ ഒരു സംരക്ഷിതാദ്ധ്യാപകനെയായിരുന്നു നിയമിക്കേണ്ടതെന്നും, 2020-21 മുതൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്ന വിഷയത്തിൽ സർക്കാർ ഇളവൊന്നും നൽകിയിട്ടില്ലായെന്നുമുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ശരിയല്ല. G.O.(P)No.3/2019-ന്റെയും W.P 19808/2021-ന്റെയും അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗികാരം നിരസിച്ചത് ശ്രീ.ഷക്കീബിന്റെ കേസിൽ ബാധകമല്ല. ആയതിനാൽ ചട്ടവിരുദ്ധമായി നിയമനാംഗീകാരം നിരസിച്ച നടപടി റദ്ദാക്കി ശ്രീ.ഷക്കീബിന് 15/07/2021 മുതൽ നിയമനാംഗീകാരം നൽകണമെന്നും അപേക്ഷിച്ചു.

4. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ പ്രതിനിധികൾ ഉന്നയിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

" സ.ഉ (സാധാ) നം.3287/2021/പൊ.വി.വ പ്രകാരം 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 15/07/2021 മുതൽ മാനേജർക്ക് നിയമനം നടത്താമെന്ന് ഉത്തരവായിരുന്നു. പുലാശ്ശേരി എ.എം.എൽ.പി.എസിൽ ശ്രീ.വിനോദ് കുമാറിനെ 01/04/2020-ന് പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലാണ് മാനേജർ ശ്രീ.ഷക്കീബിനെ 15/07/2021 മുതൽ നിയമിച്ചത്. 06/02/2021 ലെ സ.ഉ.(പി)നം.4/2021/പൊവിവ പ്രകാരം 2016-2017 മുതൽ 2019-20 വരെ

ലഭ്യമായ 6 അധിക തസ്തികയിലെ നിയമനങ്ങൾ ഭാവിയിലുണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന് മാനേജർ സത്യപ്രസ്താവന നൽകിയതിനെ തുടർന്ന് അംഗീകരിച്ചു നൽകിയിരുന്നു. 15/07/2021-ൽ ഉണ്ടായ ഒഴിവിൽ മാനേജർ പുതിയ നിയമനം നടത്താൻ പാടില്ലാത്തതിനാൽ ശ്രീ.ഷക്കീബിന്റെ നിയമനം നിരസിച്ചു. KER അദ്ധ്യായം XXI ചട്ടം 7(1) മുതൽ 7(5) വരെയുള്ള സംരക്ഷിത അദ്ധ്യാപക നിയമന വ്യവസ്ഥയ്ക്ക് 2019-20 വരെയുള്ള നിയമനങ്ങൾക്ക് മാത്രമാണ് ഇളവനുവദിച്ചിട്ടുള്ളത്. 2021-22-ലെ നിയമനങ്ങൾക്ക് പ്രസ്തുത ഉത്തരവിലൂടെ ഇളവ് നൽകിയിട്ടില്ലാത്തതിനാൽ KER XXI ചട്ടം 7(5)-ന് സ.ഉ.(പി)നം.3/2019 പ്രകാരം വന്ന നിയമ ഭേദഗതി പ്രകാരം മാനേജർ നൽകിയ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 3 സംരക്ഷിതാദ്ധ്യാപകർക്ക് നിയമനം നൽകിയാൽ മാത്രമേ പ്രസ്തുത തീയതി മുതൽ മറ്റു നിയമനങ്ങൾ അംഗീകരിക്കാൻ കഴിയൂ.എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/2/2021ലെ സർക്കുലറും 12/4/2021ലെ കത്തും പ്രകാരം ടി സ്കൂളിലെ 2020-21 വർഷം മുതലുള്ള റഗുലർ തസ്തികയിലെ ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകനിയമനത്തിന് മാറ്റിവയ്ക്കേണ്ടതില്ലെന്നു കാണുന്നു എന്ന് പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. കൂടാതെ WP(C) 19808/2021-ന്റെ 23/09/2021 ലെ കോടതി വിധി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എച്ച് 1/19500/19/ഡി.ജി.ഇ നമ്പർ സർക്കുലർ സ്റ്റേ ചെയ്തിട്ടുണ്ട്. 23/12/2021-ലെ ഇടക്കാല വിധി പ്രകാരം സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയ 49 കാറ്റഗറിയിൽപ്പെടാത്ത നിയമനം മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. LPST തസ്തിക 49 കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിയമനാംഗീകാരം നൽകാൻ സാധിക്കുകയില്ലായെന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു."

5. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2019-2020 വർഷത്തെ തസ്തിക നിർണ്ണയം 2021-2022 വർഷത്തേക്ക് കൂടി ബാധകമാക്കുകയും, 2021-2022 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്താമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.വിനോദ് കുമാറിന് 01/04/2020-ന് H.M ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 15/07/2021-ന് ശ്രീ.ഷക്കീബിനെ മാനേജർ നിയമിച്ചത്. 2016-2017 മുതൽ 2020-2021 വരെ 6 അധിക തസ്തികകളിൽ മാനേജർ നിയമനം നടത്തിയിരുന്നു. പ്രസ്തുത നിയമനങ്ങൾ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയത് ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ്.

6. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(2) പ്രകാരം തസ്കിക നിർണ്ണയത്തിലൂടെ ഉണ്ടാകുന്ന അധിക തസ്തികകളിൽ മാനേജർമാർ 1:1 അനുപാതം പാലിച്ചുകൊണ്ട് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. ഈ കേസിൽ മാനേജർ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യപകരെ നിയമിക്കാതെ 6 അധിക

തസ്തികകളിൽ പുതിയ നിയമനമാണ് നടത്തിയിട്ടുള്ളത്. എന്നിരുന്നാലും, 2016-17 മുതൽ 2019-20 വരെ ഇപ്രകാരം നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 06/02/2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക (6) പ്രകാരം 12/1/2010-ലെ സ.ഉ (പി) 10/10 ഉത്തരവിലെ 5,6 വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്കു വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഇളവുകൾ 2016-17 വർഷം മുതൽ 2019-20 വർഷം വരെയുള്ള നിയമനങ്ങൾക്കു മാത്രമാണ് ബാധകമാകുന്നത്.അതിന്റെ അടിസ്ഥാനത്തിലാണ് 6 അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചത്.

7. ശ്രീ.ഷക്കീബിനെ മാനേജർ നിയമിച്ചിരിക്കുന്നത് 01/04/2020-ന് ശ്രീ.വിനോദ് കുമാറിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 15/07/2021-ലാണ്. KER അദ്ധ്യയം XXI ചട്ടം 7 (5) പ്രകാരം ഉപചട്ടം (1), (2), (4) , (3)ലെ (a) (b) എന്നിവയിൽ പറയും പ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ അദ്ധ്യാപക ബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്താവൂ. അതേ തീയതിയിലോ അതിനുശേഷമുള്ള തീയതിയിലോ മറ്റു ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ സംരക്ഷിതാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ അംഗീകാരം നൽകാൻ പാടുള്ളൂ. എന്നാൽ 6/02/2021-ലെ സർക്കാർ ഉത്തരവു പ്രകാരം ബഹു.സുപ്രീംകോടതി, ഹൈക്കോടതി വിധികൾക്ക് വിധേയമായി സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ള പക്ഷം റഗുലർ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലെ നിയമനം അംഗീകരിക്കുന്നതിന് സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിരിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കാനാവില്ല.റഗുലർ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപക നിയമനത്തിന് മാറ്റിവയ്ക്കേണ്ടതുമില്ല. 6/02/2021-ലെ സർക്കാർ ഉത്തരവു പ്രകാരമുള്ള ഒരു സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ട് (Ext.P3) ആയതിനാൽ 15/07/2021 മുതലുള്ള റിട്ടയർമെന്റ് ഒഴിവിലെ ശ്രീ.ഷക്കീബിന്റെ നിയമനം അംഗീകരിക്കാവുന്നതാണ്.

8. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിസംവരണം സംബന്ധിച്ച കേസിലെ വിധിവന്നശേഷം അതിനനുസ്രൃതമായി, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീ.ഷക്കീബിന്റെ 15/07/2021 മുതലുള്ള നിയമനം അംഗീകരിക്കുവാൻ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് പുലാശ്ശേരി എ.എം.എൽ.പി സ്കൂൾ മാനേജർ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം(1) പുന:പരിശോധനാ ഹർജി (Ext.P4) തീർപ്പാക്കി, അപ്രകാരം ടിയാളും ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ

ടീച്ചർ ശ്രീ. ഷക്കീബ് അപ്പംകണ്ടത്തിലും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 3093/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം(2) കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട് ജില്ല.
മാനേജർ, എ എം എൽ പി സ്കൂൾ, പുലാശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപിക, എ എം എൽ പി സ്കൂൾ, പുലാശ്ശേരി, പാലക്കാട്.
ശ്രീ. ഷക്കീബ് അപ്പംകണ്ടത്തിൽ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ എം എൽ പി സ്കൂൾ, പുലാശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 13-07-2022 10:39:24**
സെക്ഷൻ ഓഫീസർ